# O.S.S.A.E.

## വാർഷിക പരീക്ഷ 2015

Class VII **06-12-2015 ഞായർ** 2 pm to 4 pm Marks 50

**പേര് എഴുതുക (1-5)** 5

1. ശലോമോനെ രാജാവായി വാഴിച്ച സ്ഥലം.
2. ഇടിമിന്നൽമൂലം മരിച്ച ആളുകളെയും മറ്റും മർത്തോമ്മ ശ്ലീഹ ജീവിപ്പിച്ചു എന്നുപറയപ്പെടുന്ന സ്ഥലം
3. അപ്പോസ്തലന്മാരുടെ ഉപദേശം എന്ന ഗ്രന്ഥത്തിന്റെ പേര്.
4. ഭാരതീയ പശ്ചാത്തലത്തിൽ മനുഷ്യജീവിതത്തിന് നാലു ഘട്ടങ്ങൾ ഉണ്ട്; ഇതിൽ ഏറ്റവും ഒടുവിലത്തെ ഘട്ടം ഏത്?
5. മിദ്യാനരും അമാലേക്യരും യിസ്രായേലിനെ ആക്രമിച്ചിരുന്ന കാലത്ത് യിസ്രായേലിലെ ന്യായാധിപൻ.

**ബ്രായ്ക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (6-10)** 5

6. യിസ്രായേലിൽ ന്യായപാലനം ചെയ്ത ഏക സ്ത്രീ. (ദലീല, ദെബോര, ബേത്ത്ശേബ)
7. ശൗൽ തന്റെ പിതാവിന്റെ കാണാതായ കഴുതകളെ തേടിയെത്തിയ സ്ഥലം. (ശീലോവ്, ഗിൽഗാൽ, രാമ)
8. നിസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ മാതാവ്. (എമിലിയ, ഐറിസ്, മക്രീന)
9. 15 നോമ്പിനുശേഷം വരുന്ന കാനോനിക നോമ്പ്. (8 നോമ്പ്, 3 നോമ്പ്, 25 നോമ്പ്)
10. പുരോഹിതനും പ്രവാചകനുമായ ന്യായാധിപൻ. (ദാവീദ്, ശമുവേൽ, ശിംശോൻ)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്ന് എഴുതുക (11-15)** 5

11. പ്രഭാതനമസ്കാരത്തോടു ചേർന്ന് 3-ാം മണി നമസ്കാരം നടത്താറില്ല.
12. വി. കുർബ്ബാനമദ്ധ്യേ കുക്കിലിയോൻ ചൊല്ലുമ്പോൾ ആദ്യം ചൊല്ലുന്നത് വി. ദൈവമാതാവിന്റെ കുക്കിലിയോൻ അല്ല.
13. ദയറാ ജീവിതത്തിൽ പ്രാർത്ഥന, വേദപുസ്തകപഠനം എന്നിവയോടുകൂടി അധ്വാനത്തിനും പ്രാധാന്യം നൽകി.
14. വ്യായാമരഹിതവും മാനസികസംഘർഷം നിറഞ്ഞതുമായ ഒരു ജീവിതരീതിയല്ല ആരോഗ്യ രംഗത്തെ പരാജയകാരണം.
15. പ്രകൃതി അനന്തമാണ്, എന്നാൽ പ്രകൃതിയിലെ വിഭവങ്ങൾ പരിമിതമാണ്.

**താഴെ പറയുന്ന വാചകങ്ങൾ ആര് പറഞ്ഞതാണ് (16-20)** 5

16. "ഞാൻ നിന്റെ കൂടാരത്തിൽ എന്നേക്കും വസിക്കും. നിന്റെ ചിറകിൻമറവിൽ ഞാൻ ശരണം പ്രാപിക്കും."
17. "എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു."
18. "അയ്യോ, ബുദ്ധിഹീനരെ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളെ."
19. "അയ്യോ, എന്റെ മകളെ, നീ എന്റെ തല കുനിയിച്ചു, നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ആക്കിയല്ലോ."
20. "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?"

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21-25)** 5

| | | |
|---|---|---|
| 21. ഗിദയോൻ | - | പുരോഹിതൻ |
| 22. ദെബോരാ | - | ശലോമോൻ |
| 23. ബെത്ത്ശേബ | - | ശമുവേൽ |
| 24. ഏലി | - | ന്യായപാലക |
| 25. ഹന്നാ | - | യെരുബ്ബാൽ |

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക (26–30)** 5

26. സ്വർഗ്ഗാരോഹണ സമയത്ത് കർത്താവ് ശിഷ്യന്മാരെ അനുഗ്രഹിച്ചപ്പോൾ എന്ത് കൃത്യമാണ് നിറവേറ്റിയത്.
27. കുക്കിലിയോന്റെ അവസാന ഭാഗത്തെ പദ്യരൂപത്തിലുള്ള അപേക്ഷയുടെ പേര്.
28. വി. കുർബ്ബാനമദ്ധ്യേ, ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമെ എന്നതിനു പകരം നാം ഉപയോഗിക്കുന്ന പ്രത്യേക വാക്ക്.
29. ധൂപക്കുറ്റി വാഴ്‌വ് എന്തിനെ സൂചിപ്പിക്കുന്നു?
30. ആശ്രമവാസികൾ എങ്ങനെ ജീവിക്കണമെന്ന നിയമാവലികൾ ആദ്യമായി ഉണ്ടാക്കിയത് ആരാണ്?

**ഒരു വാചകത്തിൽ മാത്രം ഉത്തരം എഴുതുക (31–35)** 10

31. ദാരിദ്ര്യത്തിന്റെ ഉള്ളടക്കം എന്ത്?
32. പ്രകൃതിയിലെ സകല ജീവജാലങ്ങളെയും വൃക്ഷലതാദികളെയും ദൈവം കരുതുന്നു എന്ന് എങ്ങനെ മനസ്സിലാക്കാം?
33. ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെപ്പറ്റിയും ആളത്വത്തെപ്പറ്റിയും മാർ ബസേലിയോസ് അനേകം പ്രബന്ധങ്ങൾ രചിക്കുവാൻ കാരണമെന്ത്?
34. സാർവ്വത്രികരക്ഷാസിദ്ധാന്തം എന്നാൽ എന്ത്?
35. പ്രൊമിയോൻ വായിക്കുന്നതിനു മുൻപ് പട്ടക്കാരൻ ചൊല്ലുന്ന ആഹ്വാനത്തിന് ജനങ്ങൾ പറയുന്ന മറുപടി എന്ത്?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച്, അതിന് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** 4

എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇത് ആകുന്നു. (വി. യോഹ. 6:54–58)

36. നമുക്ക് നിത്യജീവൻ ഉണ്ടാകണമെങ്കിൽ നാം എന്തു ചെയ്യണം?
37. ഇങ്ങനെയുള്ളവരെ ക്രിസ്തു അവസാന നാളിൽ എന്തു ചെയ്യും?
38. ക്രിസ്തു, ആരുമൂലം ജീവിക്കുന്നു എന്നാണ് അവൻ പറയുന്നത്?
39. ഇതിനോട് ബന്ധപ്പെട്ട് വി. കുർബ്ബാന അനുഭവിക്കുന്ന സമയത്ത് ചൊല്ലുന്ന ഗീതത്തിന്റെ ആദ്യവരി എഴുതുക.

**താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയുടെ വിട്ടുപോയ ഭാഗം ചേർത്ത് പ്രാർത്ഥന പൂർണ്ണമാക്കുക** 3

40. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. .................... ശരണവും രക്ഷയും നീ ഉണ്ടാക്കണമെ. ......................... നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ....................... ഞങ്ങളോടു കരുണ ചെയ്യേണമെ.

**താഴെ പറയുന്ന ഗീതങ്ങൾ പൂരിപ്പിക്കുക (41–43)** 3

41. സ്വീകരണം നേടി-ദൈവത്തിൻ മാതാവാ
    ..................................................................................
    ശാന്തിക്ഷേമങ്ങൾ സഭയിലുമെങ്ങും വാണി
42. പാവനനിബിമാരെ രാജ്യസുത ശ്ലീഹന്മാരേ
    ........................................................................................
    സമരം മായട്ടെ-കലഹം ശമമാർന്നീടട്ടെ.
43. മാർത്തോമ്മാ സദ്ഗുണനിധിയേ
    നിൻസ്മൃതി കൊണ്ടാടും സഭയിൽ
    ..........................................................................
    ശമവും ശാന്തിയുമമരട്ടെ.